(1)	(2)	(3)	(4)	(5)
9	മുളക്	32.00	27.00	5.00 കുറവ്
10	മല്ലി	27.00	26.50	0.50 കുറവ്
11	ജീരകം	99.00	95.00	4.00 കുറവ്
12	കടുക്	24.00	24.00	ഇല്ല
13	ഉലുവ	21.00	20.00	1.00 കുറവ്
14	പഞ്ചസാര	18.50	18.00	0.50 കുറവ്
15	ശബരി തേയില	75.00	75.00	ഇല്ല

പരസ്യവിപണിയിലെ വില പരിഗണിച്ച് മേയ് മാസത്തിലെ പഞ്ചസാര യുടെ വില 17-5-2005 മുതൽ 25 പൈസകൂടി കുറവ് വരുത്തി 17.75 രൂപയായി നിശ്ചയിക്കുകയുണ്ടായിട്ടുണ്ട്.

പാചകവാതകക്ഷാമം പരിഹരിക്കുന്നതിന് നടപടി

246 [1195] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

,, *തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന്റെ ഒരു മാസത്തെ ഉപഭോഗം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന്റെ രൂക്ഷമായ ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന്റെ ഒരു മാസത്തെ ഉപഭോഗം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. എന്നാൽ 2004-2005 കാലയളവിൽ ഗാർഹികാവശ്യത്തിന് 225752 എൽ. പി. ജി. കണക്ഷനുകൾ സംസ്ഥാനത്ത് നൽകിയിട്ടുള്ളതായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ബി) ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly